**ഭരണഭാഷ – മാതൃഭാഷ**

**അഡീ. എക്സൈസ് കമ്മീഷണറുടെ കാര്യാലയം**
**(എൻഫോഴ്സ്മെൻറ്), നന്ദാവനം, തിരുവനന്തപുരം-33**
✆ 0471-2322136, ✉ addlecenfo.exc@kerala.gov.in,
✉ exenforcement@gmail.com

EXCENF/496/19-XJ3 തീയതി : 01.10.2019

പ്രേഷകൻ
അഡീഷണൽ എക്സൈസ് കമ്മീഷണർ,
(എൻഫോഴ്സ്മെന്റ്), തിരുവനന്തപുരം.

ഗ്രാഹകൻ
വിജിലൻസ് ഓഫീസർ (എക്സൈസ്)
എല്ലാ ജോയിന്റ് എക്സൈസ് കമ്മീഷണർമാർക്കും.

സർ,

വിഷയം: എക്സൈസ് എൻഫോഴ്സ്മെന്റ് - ബഹു. കേരള മുഖ്യമന്ത്രിയുടെ എക്സൈസ് മെഡൽ 2019 - ശുപാർശ സമർപ്പിക്കുന്നത്- സംബന്ധിച്ച്.

സൂചന : 1. സർക്കാർ ഉത്തരവ് നമ്പർ GO (MS) 8/96/TD തീയതി 20.01.1996.
2. ആഭ്യന്തര (എസ്.സ്.ബി) വകുപ്പിന്റെ 25.05.2012-ലെ 71670/SSB-4/2011/ ആഭ്യന്തരം-ാം നമ്പർ കത്ത്.

മേൽ വിഷയത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. താങ്കളുടെ അധികാര പരിധിയിൽ ജോലി നോക്കുന്ന ഉദ്യോഗസ്ഥരിൽ 2019 ലെ ബഹു. കേരള മുഖ്യമന്ത്രിയുടെ എക്സൈസ് മെഡലിന് പരിഗണിക്കാൻ അർഹരായ ഉദ്യോഗസ്ഥരുടെ പേരു വിവരം ശരിയായ പെർഫോർമയിൽ ഉചിതമാർഗ്ഗേന **10-11-2019 ന് മുൻപായി** സമർപ്പിക്കുവാൻ നിർദ്ദേശിക്കുന്നു. സൂചന (1) ഉത്തരവിലെ 6, 7, 8 ഖണ്ഡികകളിൽ പരാമർശിക്കുന്ന നിർദ്ദേശങ്ങളും സൂചന (2) ലെ നിർദ്ദേശങ്ങളും താങ്കളുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ച് അപേക്ഷകൾ സൂക്ഷ്മമായി പരിശോധിച്ച് ടി നിർദ്ദേശങ്ങൾ പ്രകാരം അർഹരാണെന്ന് ഉത്തമബോദ്ധ്യം ഉള്ള ഉദ്യോഗസ്ഥരെ മാത്രമേ പ്രസ്തുത മെഡലിനായി ശുപാർശ ചെയ്യാൻ പാടുള്ളൂ. ഉദ്യോഗസ്ഥരുടെ കഴിഞ്ഞ 5 വർഷത്തെ പ്രകടനം വിലയിരുത്തി, ടിയാന്മാരുടെ നേട്ടങ്ങളും കണ്ടെത്തലുകളും, ടി ഉദ്യോഗസ്ഥരുടെ പ്രവർത്തിമൂലം വകുപ്പിനും സർക്കാരിനും ഉണ്ടായ നേട്ടങ്ങളും എക്സൈസ് വകുപ്പിനുണ്ടായ കീർത്തിയും വിലയിരുത്തി വേണം അവാർഡിനർഹരായവരെ തെരഞ്ഞെടുക്കാൻ. തെരഞ്ഞെടുത്ത ഉദ്യോഗസ്ഥരെക്കുറിച്ചുള്ള താങ്കളുടെ അഭിപ്രായക്കുറിപ്പും ടിയാനെ തെരഞ്ഞെടുക്കാനുള്ള കാരണവും കണ്ടുപിടിച്ച കേസ്സുകളുടെ വിവരം, ബോധവൽക്കരണ പ്രവർത്തനങ്ങൾ, അന്വേഷണം നടത്തിയ കേസ്സുകൾ, ഓഫീസ് പ്രവർത്തനങ്ങൾ എന്നിവ ശുപാർശയിൽ വ്യക്തമായി സൂചിപ്പിച്ചിരിക്കേണ്ടതാണ്. അച്ചടക്ക നടപടി നേരിടുന്ന ഉദ്യോഗസ്ഥരോ വിജിലൻസ് കേസ്സെടുത്തിട്ടുള്ള ഉദ്യോഗസ്ഥരോ ശുപാർശയിൽ ഇടം കണ്ടെത്താതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. **10.11.2019 ന് ശേഷം** ലഭിക്കുന്ന പ്രൊപ്പോസലുകൾ പരിഗണിക്കുന്നതല്ല എന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

അഡീഷണൽ എക്സൈസ് കമ്മീഷണർക്കുവേണ്ടി

പകർപ്പ് : എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും.

(P.T.O)